## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5275 | 27-07-2015-ൽ മറുപടിക്ക്

### വിപണിയിടപെടലിനായി ചെലവഴിച്ച തുക

ചോദ്യം | ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015 വർഷത്തെ റംസാൻ - ഓണം ഉൽസവ കാലയളവിൽ വിലക്കയറ്റം നിയന്ത്രിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ; | (എ) | കേരളത്തിലുടനീളം 64 റംസാൻ ഫെയറുകൾ സംഘടിപ്പിച്ച് റംസാൻ കാലത്ത് ആവശ്യമായ നെയ്യ്, ബിരിയാണി അരി തുടങ്ങിയ എല്ലാ ഭക്ഷ്യവസ്തുക്കളും റംസാൻ ഫെയറുകൾ വഴി പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിയിരുന്നു. കൂടാതെ ഉപഭോക്താക്കൾക്ക് ഉത്സവകാലത്ത് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഓണക്കാലത്ത് അവശ്യവസ്തുക്കളുടെ പൊതുവിപണിവില വർദ്ധനവ് നിയന്ത്രിക്കുന്നതിനായും ഓണക്കാലത്ത് സംസ്ഥാനമൊട്ടാകെ ഓണച്ചന്തകൾ ആരംഭിക്കുന്നതിന് സപ്ലൈകോ വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ഓണം മെട്രോഫെയറുകൾ 10-08-2015 മുതൽ പ്രവർത്തിച്ചു തുടങ്ങുന്നതാണ്. കൂടാതെ ജില്ലാതല ഓണം ഫെയറുകൾ, എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ആരംഭിക്കുന്ന ഓണം മാർക്കറ്റുകൾ /സ്പെഷ്യൽ ഫെയറുകൾ തുടങ്ങിയവയിലൂടെയും, സപ്ലൈകോ മിനി ഫെയറുകൾ വഴിയും പൊതുജനങ്ങൾക്ക് ആവശ്യമായ പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും ന്യായവിലയ്ക്ക് സപ്ലൈകോ ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ വിപണിയിടപെടലിനായി എന്തു തുക നീക്കിവെച്ചെന്നും എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ? | | സപ്ലൈകോയ്ക്ക് ഓണക്കാലത്ത് വിപണി ഇടപെടലിനായി 50 കോടി രൂപ അനുവദിച്ചിട്ടുള്ളതുകൂടാതെ 14 കോടി രൂപ കൂടി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ